"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- കൊല്ലം നെടുവത്തൂർ സ്വദേശി ശ്രീ. ഉദയകുമാർ എസ്-ന് ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനാനുകൂല്യം നൽകുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

G.O.(Rt)No.1361/2019/LSGD തീയതി,തിരുവനന്തപുരം, 03/07/2019

---

പരാമർശം:- 1 ശ്രീ.ഉദയകുമാർ.എസ് 1.04.2019ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാരസെല്ലിൽ സമർപ്പിച്ച നിവേദനം.

2 ലൈഫ് മിഷൻ കൊല്ലം ജില്ലാ കോർഡിനേറ്ററുടെ 07.05.2019ലെ LF/KLM/746/19 നമ്പർ കത്ത്.

3 പഞ്ചായത്ത് ഡയറക്ടറുടെ 10.06.2019ലെ ജെ2-6591/19 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

നെടുവത്തൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും ലൈഫ് മിഷൻ ഭവന പദ്ധതി പ്രകാരം അനുവദിച്ച ആദ്യ ഗഡു ഉപയോഗിച്ച് ഭവന നിർമ്മാണം ആരംഭിച്ചെങ്കിലും നിർമ്മാണം പൂർത്തിയാക്കാനായില്ലെന്നും മുൻപ് ഐ.എ.വൈ ഭവന പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചിട്ടുള്ളതിനാൽ രണ്ടാം ഗഡു ആനുകൂല്യം അനുവദിച്ചില്ലെന്നും കിഡ്നി ട്രാൻസ്പ്ലാന്റ് ചെയ്ത് ഡയാലിസിസ് ചെയ്തുവരുന്ന അപേക്ഷകനും വാർദ്ധക്യ സഹജമായ കാരണങ്ങളാൽ ബുദ്ധിമുട്ടുന്ന മാതാവും കുട്ടികളുമടങ്ങുന്ന കുടുംബം യാതൊരു സൗകര്യങ്ങളുമില്ലാതെ ഷെഡ്ഡിൽ ബുദ്ധിമുട്ടി കഴിയുകയാണെന്നും ആയതിനാൽ ഭവന നിർമ്മാണ ആനുകൂല്യം ലഭിക്കുന്നതിന് പ്രത്യേകാനുമതി നൽകണമെന്നഭ്യർത്ഥിച്ച് കൊല്ലം നെടുവത്തൂർ സ്വദേശി ശ്രീ. ഉദയകുമാർ.എസ് പരാമർശം 1 പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു.

2. അപേക്ഷകന് 2011-12 സാമ്പത്തിക വർഷത്തിൽ ഐ.എ.വൈ ഭവന പദ്ധതിയുടെ ആനുകൂല്യം നൽകിയിട്ടുള്ളതാണെന്നും ടിയാന് കിഡ്നി സംബന്ധമായ അസുഖത്തിന്റെ ചികിത്സയ്ക്കായി രണ്ട് വർഷം മുമ്പ് ആനുകൂല്യത്തിലൂടെ ലഭ്യമായ ഭവനം വിൽക്കേണ്ടി വന്നതായും നിലവിൽ ശ്രീ. ഉദയകുമാർ 5 സെന്റ് വസ്തുവിൽ ചെറിയ കൂര മാത്രമുള്ള വീട്ടിലാണ് താമസമെന്നും ടിയാൻ തുടർച്ചയായി ഡയാലിസിസിന് വിധേയനായിക്കൊണ്ടിരിക്കുന്നതിനാൽ കുടുംബത്തിന്റെ അവസ്ഥ പരിതാപകരമാണെന്നും ലൈഫ് മിഷന് വേണ്ടി കുടുംബശ്രീ നടത്തിയ സർവ്വേയിൽ ഉൾപ്പെട്ട ടി കുടുംബത്തിന് മുൻപ് ഭവനാനുകൂല്യം നൽകിയത് പ്രാഥമിക പരിശോധനയിൽ അറിയാൻ കഴിയാത്തതിനാൽ ടിയാന് ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഒന്നാം ഗഡു അനുവദിക്കുകയും വീട് മേൽക്കൂര മട്ടം വരെ പണി പൂർത്തീകരിക്കുകയും ചെയ്തതായും ഇത്തരത്തിൽ മാനദണ്ഡപ്രകാരം അർഹതയില്ലാത്ത ഏതെങ്കിലും വ്യക്തി ലിസ്റ്റിൽ ഉൾപ്പെട്ട് ആനുകൂല്യം കൈപ്പറ്റുകയും പിന്നീട് നിർവ്വഹണ ഉദ്യോഗസ്ഥൻ അനർഹൻ എന്ന് കണ്ടെത്തുകയും ചെയ്താൽ ലൈഫ് ഉത്തരവ് പ്രകാരം

തുടർഗഡുക്കൾ അനുവദിക്കാൻ കഴിയാത്തതിനാൽ, ശ്രീ. ഉദയകുമാറിന് ടിയാന്റെ സാമൂഹ്യവും സാമ്പത്തികവുമായ പരിതാപാവസ്ഥ കണക്കിലെടുത്ത് ഒരു പ്രത്യേക കേസായി പരിഗണിച്ച് ലൈഫ് പദ്ധതി പ്രകാരം തുടർ ഗഡുക്കൾ അനുവദിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം 2,3 പ്രകാരം ലൈഫ് മിഷൻ ജില്ലാ കോർഡിനേറ്ററും പഞ്ചായത്ത് ഡയറക്ടറും ശിപാർശ ചെയ്തിരുന്നു.

3. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ. ഉദയകുമാർ. എസ്-ന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഒരു പ്രത്യേക കേസായി പരിഗണിച്ച് അപേക്ഷകന് ലൈഫ് മിഷൻ ഭവന പദ്ധതി പ്രകാരം അനുവദിച്ച ഭവനാനുകൂല്യത്തിന്റെ തുടർഗഡുക്കൾ അനുവദിക്കുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**PATSY STEPHEN**
JOINT SECRETARY

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, 2-ാം നില, പിറ്റിസി ടവർ, എസ്.എസ്.കോവിൽ റോഡ് , തമ്പാനൂർ, തിരുവനന്തപുരം

സെക്രട്ടറി, നെടുവത്തൂർ ഗ്രാമ പഞ്ചായത്ത്, കൊല്ലം

ശ്രീ. എസ്. ഉദയകുമാർ.എസ്, 10/279-അമ്പാടി,ചാലൂക്കോണം, നിലേശ്വരം പിഒ, നെടുവത്തൂർ, കൊല്ലം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്